# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 339 25/06/2013- ൽ മറുപടിക്ക്

### സംരംഭകത്വ സഹായ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| 1. ശ്രീ. ഹൈബി ഈഡൻ<br>2. ശ്രീ. ആർ. സെൽവരാജ്<br>3. ശ്രീ. വി. റ്റി. ബൽറാം<br>4. ശ്രീ. പാലോട് രവി | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സംരംഭകത്വ സഹായ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. 28.12.2012 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 156/2012/വ്യവ. പ്രകാരം സംസ്ഥാനത്ത് സംരംഭകത്വ സഹായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ; | (ബി) | സൂക്ഷ്മ, ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങാനും, ആരംഭിച്ചതിന് ശേഷം നിക്ഷേപത്തിനുള്ള സഹായവും പുതിയ സാങ്കേതിക വിദ്യ സ്വായത്തമാക്കി സംരംഭം വികസിപ്പിക്കാനുള്ള സഹായവും നല്കി ഈ മേഖലയിൽ ഒരു ഉണർവ്വ് നല്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. പിന്നോക്ക ജില്ലകളിലെ സംരംഭകർക്കും, വനിത, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകർക്കും പ്രത്യേക പരിഗണന ലഭ്യമാക്കുന്നതിലൂടെ സാമൂഹ്യ നീതിയും ഉറപ്പാക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. |
| (സി) | വ്യവസായ മേഖലയുടെ പുത്തൻ ഉണർവിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) | ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് ആരംഭിക്കുന്ന നെഗറ്റീവ് ലിസ്റ്റിൽപ്പെടാത്ത സൂക്ഷ്മ, ചെറുകിട വ്യവസായങ്ങൾക്ക് അവയുടെ സ്ഥിര നിക്ഷേപത്തിന്റെ 15% പരമാവധി 20 ലക്ഷം രൂപ വരെ സബ്സിഡി നല്കുന്നു. എന്നാൽ വനിതകൾ, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർ, യുവാക്കൾ (45 വയസ്സിൽ താഴെ) എന്നിവർക്ക് ഇത് 20% വും പരമാവധി 30 ലക്ഷം രൂപ |

വരെയുമാണ് ഈ പദ്ധതി പ്രകാരം സബ്സിഡി നല്കുക. മുൻഗണനാ വിഭാഗത്തിൽ വരുന്ന സ്ഥാപനങ്ങൾക്കും പിന്നോക്ക ജില്ലയിലെ സംരംഭങ്ങൾക്കും, പുതിയ സാങ്കേതിക വിദ്യ പ്രയോഗിക്കുന്ന യൂണിറ്റുകൾക്കും 10% പരമാവധി 10 ലക്ഷം രൂപ വരെ അധിക സബ്സിഡി ലഭിക്കുന്നതാണ്. ഇടുക്കി, വയനാട്, കാസർകോട്, പത്തനംതിട്ട ജില്ലകളെ പിന്നോക്ക ജില്ലകളുടെ ഗണത്തിൽപ്പെടുത്തിയിരിക്കുന്നു. ഒരു യൂണിറ്റിന് പരമാവധി 30 ലക്ഷം രൂപ വരെ സഹായം ലഭിക്കുന്നു.

(ഡി) എന്തെല്ലാം സഹായങ്ങളാണ് ഈ പദ്ധതി വഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ?

(ഡി) സംരംഭകത്വ സഹായ പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം മൂന്ന് ഘട്ടമായാണ് നൽകുന്നത്. സംരംഭം ആരംഭിക്കുന്നതിന് മുമ്പ് 'തുടങ്ങാനുള്ള സഹായവും' ആരംഭിച്ച് കഴിഞ്ഞ് 'നിക്ഷേപ സഹായവും' മെച്ചപ്പെട്ട സാങ്കേതിക വിദ്യ സമ്പാദിച്ചാൽ 'സാങ്കേതിക സഹായവും' നൽകാൻ ഇതിൽ വ്യവസ്ഥ ചെയ്യുന്നു. പരമാവധി 30 ലക്ഷം രൂപ വരെയാണ് സാമ്പത്തിക സഹായം നൽകുന്നത്.

സംരംഭം തുടങ്ങാൻ പ്രാരംഭ ഘട്ടത്തിൽ മൂന്ന് ലക്ഷം രൂപ വരെ 'സ്റ്റാർട്ടപ്പ് സപ്പോർട്ട്' അനുവദിക്കുന്നു. സ്റ്റാർട്ടപ്പ് സപ്പോർട്ട് ലഭിച്ചു കഴിഞ്ഞ, സംരംഭങ്ങൾ അത് ലഭിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദനം ആരംഭിക്കുകയും തുടർന്നുള്ള അഞ്ചു വർഷം തുടർച്ചയായി പ്രവർത്തിക്കുകയും ചെയ്യണമെന്ന് നിർബന്ധമാണ്.

ഉൽപാദനം തുടങ്ങി ഒരു വർഷത്തിനകം ഇൻവെസ്റ്റ്മെൻറ് സപ്പോർട്ട് ആയി പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം ഗ്രാൻറായി ലഭിക്കും. വിപുലീകരണം, വൈവിധ്യ വൽക്കരണം, ആധുനിക വൽക്കരണം എന്നിവ നടത്തുന്ന സംരംഭങ്ങൾക്കും ഇൻവെസ്റ്റ്മെൻറ് സപ്പോർട്ടിന് അർഹതയുണ്ടായിരിക്കും.

ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി പ്രവർത്തനമാരംഭിക്കുന്ന പുതിയ സംരംഭങ്ങൾക്ക് ടെക്നോളജി സപ്പോർട്ടായി പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം ലഭിക്കും.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ